## പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2942 — 20.12.2012 ൽ മറുപടിക്ക്

## ചേലക്കര ഗവൺമെന്റ് പോളിടെക്നിക്കിൽ പുതുതായി അംഗീകാരം ലഭിച്ച കോഴ്സുകൾ

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ

**മറുപടി**

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പുമന്ത്രി)

എ) ചേലക്കര ഗവൺമെന്റ് പോളിടെക്നിക്കിൽ രണ്ട് കോഴ്സുകൾ കൂടി പുതുതായി ആരംഭിക്കുവാൻ എ.ഐ.സി.ടി.ഇ. അംഗീകാരം നൽകിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എ)യും (ബി)യും

ചേലക്കര ഗവൺമെന്റ് പോളിടെക്നിക്കിൽ സിവിൽ എൻജിനീയറിംഗ്, മെക്കാനിക്കൽ എൻജിനീയറിംഗ് എന്നീ ഡിപ്ലോമാ കോഴ്സുകൾ ആരംഭിക്കുന്നതിന് എ.ഐ. സി.ടി.ഇ. യുടെ അനുമതി ലഭിച്ചിട്ടുണ്ട്.

സി) എല്ലാ അടിസ്ഥാന സൌകര്യങ്ങളും ലഭ്യമാക്കിയിട്ടുള്ള പ്രസ്തുത സ്ഥാപനത്തിൽ എ.ഐ.സി.ടി.ഇ. അംഗീകാരം നൽകി രണ്ട് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിലുള്ള തടസ്സങ്ങളെന്താണെന്ന് വ്യക്തമാക്കുമോ;

ഡി) ഈ വർഷം തന്നെ പ്രസ്തുത രണ്ട് കോഴ്സുകളും ആരംഭിക്കുന്നതിനാവശ്യമായ സർക്കാർ ഉത്തരവ് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

(സി) യും (ഡി) യും

ചേലക്കര ഗവൺമെന്റ് പോളിടെക്നിക് ഉൾപ്പെടെയുള്ള ചില സർക്കാർ പോളിടെക്നിക്കുകളിൽ എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ച കോഴ്സുകൾ തുടങ്ങുന്നതിന് ആവശ്യമായി വരുന്ന അധിക തസ്തികകളും അതുമായി ബന്ധപ്പെട്ട അധിക സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച വിശദാംശങ്ങളും പരിശോധിച്ചുവരികയാണ്. സാമ്പത്തിക ബാദ്ധ്യത വ്യക്തമായതിനുശേഷം മാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാനാകൂ.

സെക്ഷൻ ഓഫീസർ